# കേരള സർവകലാശാല

നം. പി.ആർ.236/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ടെക്നിക്കൽ ഓഫീസർ ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രമെന്റേഷൻ ആന്റ് കമ്പ്യൂട്ടേഷൻ സെന്ററിലേക്ക് (എസ്.ഐ.സി.സി) ടെക്നിക്കൽ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവുകളിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## എം.എസ്.സി പ്രാക്ടിക്കൽ പരീക്ഷകൾ

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി സൈക്കോളജി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ രണ്ട്, ഏഴ് തീയതികളിൽ അതതു കോളേജിൽ നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എൽ.എൽ.ബി ഫലം

കേരള സർവകലാശാല മാർച്ചിൽ നടത്തിയ അഞ്ചാം സെമസ്റ്റർ യൂണിറ്ററി പരീക്ഷ (ത്രിവത്സര എൽ.എൽ.ബി) കളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും അപേക്ഷിക്കുവാനുള്ള അവസാന തീയതി നവംബർ 11.

## ബി.എ/ബി.എസ്.സി/ബി.കോം/ബി.പി.എ/ബി.സി.എ/ബി.എസ്.ഡബ്ല്യൂ പരീക്ഷ

കേരള സർവകലാശാല നവംബർ മൂന്ന് മുതൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ നവംബർ ആറ് മുതൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ/ബി.എസ്.സി/ബി.കോം/ബി.പി.എ/ബി.സി.എ/ബി.എസ്.ഡബ്ല്യൂ പരീക്ഷകളുടെ (2013 അഡ്മിഷന് മുൻപുള്ളവർക്ക്) സെന്ററുകളുടെ വിശദവിവരങ്ങളും ടൈംടേബിളും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ.എം.എസ് പരീക്ഷ

കേരള സർവകലാശാല ഡിസംബർ ഒന്നിന് ആരംഭിക്കുന്ന മൂന്നാം വർഷ ബി.എ.എം.എസ് (സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴകൂടാതെ നവംബർ ഏട്ട് (50 രൂപ പിഴയോടെ നവംബർ പത്ത്, 125 രൂപ പിഴയോടെ നവംബർ 14 ) വരെ ഫീസടച്ച് അപേക്ഷിക്കാം.

## 'കേരളം: വർത്തമാനം, ഭാവി': സംഘചർച്ച

ഐക്യകേരളത്തിന്റെ അറുപതാം ആണ്ട് പിന്നിടുന്നതുമായി ബന്ധപ്പെട്ട് കേരള സർവകലാശാല പൊളിറ്റിക്കൽ സയൻസ് പഠന വിഭാഗം നവംബർ ഒന്ന് ബുധനാഴ്ച രാവിലെ 10 മണി മുതൽ ഒരു മണി വരെ "കേരളം: വർത്തമാനം, ഭാവി" എന്ന വിഷയത്തിൽ സംഘചർച്ച സംഘടിപ്പിക്കുന്നു. പ്രസ്തുത ചർച്ചയിൽ കേരളത്തിന്റെ ജനാധിപത്യ, സാമൂഹ്യ, വികസന അനുഭവങ്ങളും അതിന്റെ സമകാലിക പ്രതിസന്ധികളും ഉന്നയിക്കപ്പെടുന്നതാണ്. വർത്തമാന

യാഥാർഥ്യങ്ങളിലൂന്നി നിന്ന് ഭാവികേരളത്തെക്കുറിച്ചുള്ള പരിപ്രേക്ഷ്യങ്ങളും ചർച്ചയ്ക്കു വിഷയീഭവിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്.സി വൈവാ വോസി പരീക്ഷകൾ

കേരള സർവകലാശാല നാലാം സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ് വൈവാ വോസി പരീക്ഷകൾ നവംബർ 13 മുതലും കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി പ്രാക്ടിക്കൽ, വൈവാ വോസി പരീക്ഷകൾ നവംബർ ആറ് തീയതി മുതലും വിവിധ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്.സി പ്രാക്ടിക്കൽ/വൈവാ വോസി പരീക്ഷ

കേരള സർവകലാശാല ഒക്ടോബർ 30 ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എസ്.സി ജിയോഗ്രഫി പ്രാക്ടിക്കൽ/വൈവാ വോസി പരീക്ഷ കൾ നവംബർ ആറ് മുതൽ പുന:ക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സീറ്റുകൾ ഒഴിവുണ്ട്

കേരള സർവകലാശാല നിയമവകുപ്പ് നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഹ്യൂമൻ റൈറ്റ്സ് (പി.ജി.ഡി.എച്ച്.ആർ) കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. താല്പര്യമുള്ളവർ പത്താം ക്ലാസ്സ് മുതലുള്ള അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പും 2000/- രൂപ ഫീസും സഹിതം നവംബർ എട്ട് ചൊവ്വ രാവിലെ 10.30 ന് നിയമവകുപ്പിന്റെ ഓഫീസിൽ എത്തിച്ചേരുക. കൂടുതൽ വിവരങ്ങൾക്ക് 0471 –2308936.

## ബി.ടെക് ഓൺലൈൻ രജിസ്ട്രേഷൻ

കേരള സർവകലാശാല ഏഴാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) പാർട്ട്-ടൈം റീസ്ട്രക്ച്ചേർഡ് റഗുലർ പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ നവംബർ ഒന്ന് മുതൽ ആരംഭിക്കുന്നതാണ്. പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ ഏഴ് (50 രൂപ പിഴയോടെ നവംബർ പത്ത്, 125 രൂപ പിഴയോടെ നവംബർ 14 ) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
31.10.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098